Website.

ഭരണഭാഷ - മാതൃഭാഷ

എസ്. എച്ച്.(2) 43350/18

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം.
തിരുവനന്തപുരം.
തീയതി: 13.11.2018

## സർക്കുലർ

**വിഷയം:-** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - തസ്തികമാറ്റം വഴി സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II ലേയ്ക്കുള്ള നിയമനം - വിശദാംശങ്ങൾ സഹിതം അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

**സൂചന:-** 25.05.2018 ലെ സ.ഉ.(കൈ)നം.71/18/കൃഷി.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ വിവിധ ലാബുകളിലായി നിലവിലുള്ള ഒഴിവുകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിന് സൂചനയിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു. അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖാന്തിരം ചുവടെ പരാമർശിച്ചിട്ടുള്ള വിശദാംശങ്ങൾ സഹിതം 30.11.2018 ന് 5 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിയ്ക്കത്തക്കവിധം അയച്ചുതരുവാൻ നിർദ്ദേശിക്കുന്നു.

1. പേരും ഇപ്പോഴത്തെ ഓഫീസും.
2. ജനന തീയതി.
3. വിദ്യാഭ്യാസ യോഗ്യത (പകർപ്പ് സഹിതം).
4. ഇപ്പോൾ ജോലി നോക്കുന്ന തസ്തികയും, ജോലിയിൽ പ്രവേശിച്ച തീയതിയും.
5. ടി തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി, ഉത്തരവ് നമ്പർ (പകർപ്പ് സഹിതം).
6. സംസ്ഥാനത്ത് എവിടെയും ജോലി ചെയ്യാമെന്ന സമ്മതപത്രം.
7. നിയന്ത്രണോദ്യോഗസ്ഥന്റെ അഭിപ്രായക്കുറിപ്പ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (താങ്കളുടെ കീഴിലുള്ള എല്ലാഓഫീസുകളിലും സർക്കുലർ നൽകേണ്ടതാണ്)
2. കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓഫീസുകൾക്ക്.
3. കൃഷി ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും.
4. ഐ. റ്റി. സെൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5. സ്റ്റോക്ക് ഫയൽ / സ്പെയർ.

DS16-14.11.18

# കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് — ജീവനക്കാര്യം — മണ്ണ് പരിശോധനാ ലബോറട്ടറി — സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനരീതി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ്) വകുപ്പ്**

**സ.ഉ.(കൈ)നം.71/2018/കൃഷി** **തീയതി, തിരുവനന്തപുരം, 25.05.2018**

പരാമർശം :- 1) 22/12/1962-ലെ സ.ഉ.(എം.എസ്)നം.1370/62/കൃഷി.

2) 19/12/2012-ലെ സ.ഉ.(എം.എസ്)നം.285/2012/കൃഷി.

3) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 31/08/2013-ലെ എസ്.എച്ച്(2) 77298/2007 നമ്പർ കത്ത്.

4) OA 1840/14-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 15/10/14-ലെ അന്തിമ വിധി.

5) 04/02/2015-ലെ സ.ഉ.(സാധാ)നം.204/2015/കൃഷി.

6) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 10/07/2014-ലെ എസ്.എച്ച്(2) 12119/14 നമ്പർ കത്ത്.

7) കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ 07/03/2015, 17/07/2015 തീയതികളിലെ എസ്.എച്ച്.(2)52206/2014 നമ്പർ കത്തുകൾ.

8) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒ.എ. 992/2017 നമ്പർ കേസിൽ പുറപ്പെടുവിച്ച 21/12/2017-ലെ ഉത്തരവ്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ മണ്ണ് പരിശോധനാ ലാബുകളിലെ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഫീൽഡ് മാൻ (നിലവിൽ കൃഷി അസിസ്റ്റന്റ്) തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേനയോ യോഗ്യതയുള്ള പ്രസ്തുത ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം മുഖേനയോ വകുപ്പിലെ മറ്റ് തസ്തികകളിൽ നിന്നും തസ്തികമാറ്റം മുഖേനയോ നിയമനം നടത്തുവാൻ നിഷ്കർഷിച്ചിരുന്നു.

2) സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനത്തിന് ബി.എസ്.സി. പോളിമർ കെമിസ്ട്രി ബിരുദധാരികളെ കൂടി ഉൾപ്പെടുത്തി പരാമർശം(2)ലെ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിലുള്ള നിയമനരീതിയിലെ 2-ഇനത്തിൽ "By transfer from any other equivalent service" എന്ന ഭേദഗതി കാരണം പരാമർശം(1)ലെ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷക ക്ഷേമവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേക്ക് ലഭിക്കുമായിരുന്ന ഉദ്യോഗക്കയറ്റം ലഭിക്കാതാവുകയും ചെയ്തു. മേൽ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിൽ തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെയും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് ഭേദഗതി വരുത്തണമെന്ന് പരാമർശം(3) പ്രകാരം കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3) പരാമർശം(4)ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1840/14-ലെ വിധിന്യായം നടപ്പിലാക്കി പരാമർശം(5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ പരാമർശം(2)ലെ ഉത്തരവിലെ നിയമനരീതിയിലെ 2-ഇനത്തിൽ പരാമർശിച്ചിരിക്കുന്ന "Any other equivalent service" എന്നത് "Any other service" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ ഡയറക്ടർ അടിയന്തരമായി സർക്കാരിന് സമർപ്പിക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്.

4) കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം ലഭിച്ചിരുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് ആനുകൂല്യം അനുവദിക്കുന്നതിന് പരാമർശം(6) പ്രകാരം ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ "സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ്-II നുള്ള

നിയമനരീതി കൃഷി അസിസ്റ്റന്റുമാരിൽ നിന്നുള്ള തസ്തികമാറ്റം (ട്രാൻസ്ഫർ) മുഖേനയുള്ള വ്യക്തമാക്കി 19/12/2012-ലെ സ.ഉ.(എം.എസ്)നം.285/2012/കൃഷി ഭേദഗതി ചെയ്താൽ മാത്രമേ ആയത് അനുവദിക്കാൻ നിർവ്വാഹമുള്ളൂ എന്ന് കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ പരാമർശം(7) പ്രകാരം കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ സർക്കാരിന് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 04/02/2015-ലെ സ.ഉ.(സാധാ)നം.204/2015/കൃഷി നമ്പർ ഉത്തരവിലെ തീർമാന പ്രകാരം 19/12/2012-ലെ സ.ഉ.(എം.എസ്)നം.285/2012/എഡി നമ്പർ ഉത്തരവ് ഭേദഗതി വരുത്തണമെന്നും പരാമർശം(8) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം 19/12/2012-ലെ സ.ഉ.(എം.എസ്.)നമ്പർ.285/2012/കൃഷി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന നിയമനരീതി ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **Method of Appointment :-** |
|---|
| 1)**By transfer appointment** from the cadre of Agriculture Assistants<br>OR<br>2) In the absence of qualified persons under(1) above by transfer from **any other service** in the Department **(date of effect from 19-12-2012)**<br>OR<br>3) In the absence of qualified persons under item 1 & 2 above by direct recruitment |

6) 19/12/2012-ലെ സ.ഉ.(എം.എസ്.)നമ്പർ.285/2012/കൃഷി നമ്പർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്. പരാമർശം(5)ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22/08/2014-ലെ എസ്.എച്ച്.(2)34015/2014 നമ്പർ കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറുടെ സർക്കുലർ പ്രകാരം സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് നിയമനത്തിന് മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും ലഭിച്ച അപേക്ഷ പരിഗണിച്ച ശേഷം ബാക്കിയുള്ള ഒഴിവുകളിൽ നിയമനം നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**അനിൽ എക്സ്.**
**സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ ), കേരള, തിരുവനന്തപുരം.
ശ്രീമതി.സിമിയ.എസ്., ക്ലർക്ക്, കാർഷിക വികസന കർഷകക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ശ്രീമതി.ശരണ്യ.ആർ, ക്ലർക്ക് , കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കളർകോട്, ആലപ്പുഴ.
ശ്രീമതി.വീണാമോൾ.വി.എൻ., ഓഫീസ് അറ്റൻഡന്റ്, സ്റ്റേറ്റ് സീഡ് ടെസ്റ്റിംഗ് ലാബ്, കളർകോട്, ആലപ്പുഴ.
ശ്രീ.ജോസ് .പി.ബി., ലാബ് അറ്റൻഡർ, അഗ് മാർക്ക് ഗ്രേഡിംഗ് ലാബ്, കോട്ടയം.
ധനകാര്യ വകുപ്പ് (17/10/2014-ലെ 78294/അഗ്രി.ബി.2/14/ധന പ്രകാരം).
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (19/04/2018-ലെ ADV-A2/109/2018-P&ARD പ്രകാരം).
ഐ.&പി.ആർ. വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Agriculture Department - Estt. - Soil Testing Laboratory - Qualification for the post of Scientific Assistant (Grade II) on Rs.13210-22360 - Re-fixing of.- Orders issued.

==========================================================

## AGRICULTURE (FARMS) DEPARTMENT

G.O.(Ms) No. 285/2012/AD Dated, Thiruvananthapuram, 19/12/2012.

==========================================================

Read:- (1) G.O.(Ms),1370/62/Agri. dated 22/12/1962.

(2. Letter No. Ac.C/44104/2010 dated 20/09/2010 from the Registrar, University of Kerala, Thiruvananthapuram.

(3) Letter No. SH(2)77298/2007 dated 16/03/2011 from the Director of Agriculture, Thiruvananthapuram.

(4) Letter No.AVIII(1)13259/2012/GW. dated 19/11/2012 from the Secretary, Kerala Public Service Commission, Thiruvananthapuram.

## ORDER

As per the Government Order read as 1st paper above, the qualification and method of appointment to the post of Scientific Assistant (Grade II) in the Soil Testing Laboratories have been prescribed. As per the letter read as 2nd paper above, University of Kerala has certified that the BSc. Degree in Polymer Chemistry is equivalent to the BSc. Degree in Chemistry. As per the letter read as 3rd paper above, the Director of Agriculture has reported that candidates with the qualification of Degree in Polymer Chemistry have also applied for appointment to the post of Scientific Assistant (Grade II) in the Soil Testing Laboratory. Hence the Director of Agriculture has requested to incorporate Degree in Polymer Chemistry also as qualification to the post of Scientific Assistant (Grade II) in the Soil Testing Laboratory in the Agriculture Department.

Government have examined the matter in consultation with the Kerala Public Service Commission and are pleased to modify the qualification for appointment to the post of Scientific Assistant (Grade II) in the Soil Testing Laboratories in the Agriculture Department as follows.

**i) Qualifications:**

1. Degree in Chemistry of a recognized University.

OR

2. Degree in Polymer Chemistry of a recognized University.

OR

3. Diploma in Agriculture with at least one year's experience in Analytical Laboratory.

ii) Method of Appointment:-

1. By promotion from the cadre of Agriculture Assistants.

OR

2. In the absence of qualified persons under item (1) above by transfer from any other equivalent service in the Department

OR

3. In the absence of qualified persons under item 1 & 2 above by direct recruitment.

iii) Probation:-

a) By Promotion/By Transfer

One year duty within a continuous period of two years.

b) Direct Recruitment

Two year duty within a continuous period of 3 years.

iv) Age limit for Direct Recruitment:-

Must have completed 19 years and must not have completed 36 years with usual relaxation for candidates belonging to Scheduled Castes, Scheduled Tribes and Other Backward Classes.

All existing orders shall stand modified to the above extent.

Amendment to relevant special rules shall be issued separately.

This modified order shall have effect from the date of order.

(By Order of the Governor)

K.R. JYOTHILAL
Secretary to Government.

To

The Director of Agriculture, Thiruvananthapuram.
The Secretary, Kerala Public Service Commission,
All Principal Agricultural Officers.
The P&AR (Rules) Department.
The Law Department.
Stock File/Office copy.

Forwarded/by order

Section Officer